കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മറ്റത്തൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2014-15

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

# തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: lfadtcr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

*നം.കെ.എസ്.എ.ടി.എസ്.ആർ(പി6)1329/15*

*കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്*
*തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം,*
*തൃശ്ശൂർ- 680020*
*ഫോൺ-04872331249*
*e-mail.Id. lfadtcr@gmail.com*
*തീയതി 02.11.2015*

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മറ്റത്തൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം :- മറ്റത്തൂർ ഗ്രാമപഞ്ചായത്ത് - 2014-15 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18,1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മറ്റത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2014-15 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-4, 3-5, 3-9, 3-18, 3-19 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്.

നം കെ.എസ്.എ.ടി.എസ്.ആർ -(പി6)1329/15 തിയതി-02.11.2015

<u>തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ</u>

<u>2014-15 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.

തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2014-15സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 8.07.2015 മുതൽ 09.8.15 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയപണം പിരിവ്, അവയുടെ ഒടുക്ക്, 2014-15വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾഎന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 10.08.2015മുതൽ 24.08.2015 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.പി.എ.ശിവൻ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.കെ.ജയകൃഷ്ണൻ | അസി.ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.പി.വിജയശ്രീ | അസി.ഓഡിറ്റ് ഓഫീസർ |

| | | | |
|---|---|---|---|
| | | ശ്രീ.സലീഷ് എം.ജി<br><br>ശ്രീമതി.സോന.കെ.സത്യൻ | അസി.ഓഡിറ്റ് ഓഫീസർ<br><br>ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.ബിന്ദു ശിവദാസൻ | 1.04.2014മുതൽ 31.03.2015വരെ . |
| സെക്രട്ടറി | : | ശ്രീ. കെ.വി. ജ്യോതിഷ്കുമാർ | 1.04.2014മുതൽ 31.03.15വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ:</u> | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| ഡയറി ഫാം ഇൻസ്പക്ടർ | | ഇഷ മുരളി | 1.04.14 മുതൽ 31.03.2015 വരെ |
| അസിസ്ററന്റ് എഞ്ചിനീയർ | | ഷാജി. യു.കെ | 1.04.14 മുതൽ 31.03.2015 വരെ |
| സി.എച്ച്.സി. സൂപ്രണ്ട് | | ഡോ.രാജീവ് | 1.04.14 മുതൽ 31.03.15വരെ |
| പ്രധാനാദ്ധ്യാപകൻ,<br>ജി.യു.പി.എസ്,<br>ലൂർദ്ദ്പുരം | | ജോസ് മാത്യു | 1.04.14 മുതൽ 31.03.15വരെ. |
| ഐ.സി.ഡി.എസ്<br>സൂപ്പർ വൈസർ. | | പി.ആർ സതി | 1.04.14 മുതൽ 31.03.15വരെ. |
| വെറ്ററിനറി സർജൻ | | ഡോ.രാജീവ് | 1.04.14 മുതൽ<br>31.03.15 വരെ |
| കൃഷിഓഫീസർ | | ബോബൻ പോൾ<br><br>ധന്യ<br><br>അജ്ജുജോൺമത്തായി<br><br>സ്വപ്ന<br><br>സുരേഷ്.സി. | 01.04.14മുതൽ 04.06.14 വരെ<br>05.06.14 മുതൽ 11.06.14 വരെ<br>12.06.14 മുതൽ17.08.14 വരെ<br>18.08.14 മുതൽ06.10.14 വരെ<br>07.10.14 മുതൽ 31.03.15വരെ |

| | | | |
|---|---|---|---|
| വി.ഇ.ഒ | | | |
| മറ്റത്തൂർ സർക്കിൾ | | അഭിലാഷ് മോഹൻ | 01.04.14 മുതൽ 31.03.15 വരെ |
| വി.ഇ.ഒ. (വെള്ളിക്കുളങ്ങര ) | | അഭിലാഷ് മോഹൻ<br><br>അൽജോ.സി.ചെറിയാൻ | 01.04.14 മുതൽ 04.7.14 വരെ<br><br>05.07.14 മുതൽ 31.03.15 വരെ |
| വി.ഇ.ഒ. (കോടാലി സർക്കിൾ) | | ഹരി കെ.കെ | 1.04.14 മുതൽ 31.03.15വരെ |
| അസി.സെക്രട്ടറി | | പി.പി.മധു | 1.04.14 മുതൽ 31.03.15വരെ |

# ഭാഗം –1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 28.02.2014 തിയതിയിലെ 1(1) തീരുമാന പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പ്രകാരം ആകെ വരവ്-14,91,45,800/- രൂപയും ആകെ ചെലവ് 14,48,22,900/- രൂപയുമാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2015 | 23-07-2015 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2014-15 | 21-08-2015 | നംകെഎസ്എടിഎസ്ആർ(ഇ3)1456/15(33)/16.10.15<br><br>വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം |

### 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 38845766

വരവ് -129825580

ആകെ - 168671346

ചെലവ് -106178990

നീക്കിയിരിപ്പ്- 62492356

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1148932 | 20219000 | 21367932 | 17614840 | 3753092 | 82.43 |
| വികസനഫണ്ട് എസ്.സി.പി. | 3177984 | 9322000 | 12499984 | 8289061 | 4210923 | 66.31 |
| വികസനഫണ്ട് ടി.എസ്.പി. | 238866 | 792000 | 1030866 | 262990 | 767876 | 25.51 |
| സംരക്ഷണഗ്രാന്റ് റോഡ് | 1358791 | 14428000 | 15786791 | 13091653 | 2695138 | 82.93 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 2187017 | 5124000 | 7311017 | 4205195 | 3105822 | 57.52 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2191249 | 12937230 | 15128479 | 8958605 | 6169874 | 59.22 |
| പെർഫോമൻസ് ഗ്രാന്റ് | 1832360 | 5548000 | 7380360 | 1320976 | 6059384 | 17.90 |
| എം.എൻ.ആർ.ഇ.ജി.എസ്. | 3953 | 23843916 | 23847869 | 23847869 | 0 | 100 |
| ബി ഫണ്ട് | 0 | 30925201 | 30925201 | 30925201 | 0 | 100 |
| ആകെ | 12139152 | 123139347 | 135278499 | 108516390 | 26762109 | 80.22 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 279 | 106377758 | 176 | 68031427 | ---- | 103 | 63 |

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 44.40%വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5143359 | 7699369 | 2556010 | (+)49.69 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 466983 | 654596 | 187613 | (+)40.18 |
| മറ്റു വരവുകൾ | 776047 | 867935 | 91888 | (+)11.84 |
| ആകെ | 6386389 | 9221900 | 2835511 | (+)44.40 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 31560 | 152 |
| കർഷക തൊഴിലാളി പെൻഷൻ | 5141821 | 705 |
| വിധവാ പെൻഷൻ | 7497937 | 1241 |
| വാർദ്ധക്യകാല പെൻഷൻ | 12356191 | 1757 |
| വികലാംഗ പെൻഷൻ | 3957002 | 587 |
| അവിവാഹിത പെൻഷൻ | 1381300 | 158 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.08.15-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 7022/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

ഫ്രണ്ട് ഓഫീസ് സംവിധാനം, ഓഫീസ് യോഗങ്ങൾ, ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ എന്നിവ കാര്യക്ഷമമാണ്. വസ്തുനികുതി രജിസ്റ്ററുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സാക്ഷ്യപത്രം കൃത്യമല്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.08.15 | 01/15 മുതൽ 03/15 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.1.13 മുതൽ 29.01.13 വരെ | 07/08 മുതൽ 11/12വരെ | 27.03.13 |

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

. .

## 2-1 വസ്തുനികുതി രജിസ്റ്ററുകൾ തയ്യാറാക്കിയതിലെ അപാകതകൾ

വസ്തുനികുതി കടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതിത്തയ്യാറാക്കാത്തതിനാൽ ഈ ഇനത്തിൽ ധനകാര്യപത്രികപ്രകാരം അവശേഷിക്കുന്ന 871098/- രൂപയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ(തൻവർഷം) സാക്ഷിപ്പം തയ്യാറാക്കിയതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു

രജിസ്റ്റർപ്രകാരം 2014-15 വസ്തുനികുതി വരവ്- 4722506

„ ലൈബ്രറിസെസ് - 164476

ആകെ - 4886982

യഥാർത്ഥത്തിൽ ലഭിക്കേണ്ട ആകെ സംഖ്യ 4886982/-രൂപയാണ്. എന്നാൽ 4305671/- എന്നാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്, വ്യത്യാസം 581311/- രൂപ.

ലൈബ്രറിസെസ്സ് ഡിമാന്റ് - 318897

ലൈബ്രറിസെസ്സ് വരവ് - 164476

ലൈബ്രറിസെസ്സ് കടിശ്ശിക - 154421

എന്നാൽ കടിശ്ശികയായ സംഖ്യ, 124421/- രൂപ എന്നാണ് രജിസ്റ്ററിൽ കാണിച്ചിരിക്കുന്നത്,വ്യത്യാസം 30000/-.

അപാകതകൾ പരിഹരിച്ച് വസ്തു നികുതി ഡിമാന്റ്, കടിശ്ശിക രജിസ്റ്ററുകൾ ഹാജരാക്കേണ്ടതാണ്.

## 2-2 സ്വകാര്യ ആശുപത്രി / പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും ഡി. ആന്റ്.ഒ ലൈസൻസ് ഫീ / രജിസ്ട്രേഷൻ ഫീ ഈടാക്കിയിട്ടില്ല.

1) താഴെപറയുന്ന സ്വകാര്യ ആശുപത്രി / പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കിയിട്ടുണ്ടെങ്കിലും ഡി. ആന്റ്.ഒ ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

| നമ്പർ | വാർഡ് നം /കെട്ടിട നം | സ്ഥാപനം |
|---|---|---|
| 1 | XXII/383 | ആൻമരിയ ഹോമിയോ ക്ലിനിക്ക് |
| 2 | XXII/330 | സ്നേഹ പ്രൈമറി ഹെൽത്ത് സെന്റർ |
| 3 | XII/236-A | കാരുണ്യ ഡെന്റൽ ക്ലിനിക്ക് |
| 4 | XII/220 | സഹൃദയ ഡെന്റൽ ക്ലിനിക്ക് |

കേ.പ.രാ.ആക്ട് 232(1) വകുപ്പ് പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ കാര്യങ്ങൾക്ക് യാതൊരു സ്ഥലവും പഞ്ചായത്ത് നല്കുന്ന ലൈസൻസില്ലാതെ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. ഈ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ അപാകതകൾ ആവർത്തിയ്ക്കാതിരിക്കാനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

2.) താഴെപ്പറയുന്ന സ്വകാര്യ ആശുപത്രി / പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കിയിട്ടില്ല.

| നമ്പർ | വാർഡ് നം /കെട്ടിട നം | സ്ഥാപനം |
|---|---|---|
| 1 | XII/195 | ശ്രദ്ധ എക്സ്റേ & ഇ.സി.ജി ലാബ് |
| 2 | XII/97,XXII/412 | ശ്രദ്ധ ഡയഗ്നോസ്റ്റിക് ലാബോറട്ടറി |
| 3 | XII/209 | ഉദയ ക്ലിനിക് |
| 4 | XII/217 | ശ്രീ ശാസ്താ ലാബോറട്ടറി |
| 5 | XII/189 | മെഡിലാബ് & ഇ.സി.ജി സെന്റർ |
| 6 | XII/185-E | ലൈഫ് കെയർ ലാബോറട്ടറീസ് |

1997 ലെ കേരളപഞ്ചായത്ത് (സ്വകാര്യ ആശുപത്രി / പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ചട്ടങ്ങൾ) ചട്ടം (4) പാലിക്കേണ്ടതും രജിസ്ട്രേഷൻ ഫീ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ 2014-15 സാമ്പത്തികവർഷം തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | മൈനർ ഇറിഗേഷൻ ഓഫീസ് കൊടകര. | രണ്ടാംഅർദ്ധവർഷം |
| 2 | ശ്രീദുർഗ്ഗ എന്റർപ്രൈസസ്സ് (പെട്രോൾ പമ്പ്) | രണ്ടാം അർദ്ധവർഷം |
| 3 | ആൻമരിയാഹോമിയോ ക്ലിനിക്ക് | രണ്ടാം അർദ്ധവർഷം |
| 4 | പോലീസ് സ്റ്റേഷൻ വെള്ളികുളങ്ങര | രണ്ടാം അർദ്ധവർഷം |
| 5 | ഷാരടീസ് ടെക്സ്റ്റൈൽസ് കോടാലി | രണ്ടാം അർദ്ധവർഷം |
| 6 | നവജ്യോതി ഫ്യുവൽസ് | രണ്ടാം അർദ്ധവർഷം |
| 7 | വിമല എച്ച്.എസ്.എസ് | ഒന്നാം അർദ്ധവർഷം |

ഈ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>ഭാഗം -3</u>

# <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

. .

. .

. .

## 3-1 പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

സർക്കാരിന്റെ 52/2003/ത.സ്വ.ഭ.വ തിയതി 22.02.03 ഉത്തരവു പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളിലും പഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും 2003 ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾക്ക് വിധേയമായി ഫണ്ട് വിനിയോഗിക്കാവുന്നതുമാണ്. മറ്റത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പേരിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ഗ്രാമപ്രദേശങ്ങളിൽ നിവസിക്കുന്ന നിർദ്ധനരായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിന് സഹായകമായ ദുരിതാശ്വാസ നിധി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 എൽ.പി/യു.പി സ്കൂളുകളിൽ കലാ-കായിക പരിശീലനം

നിർവ്വഹണം-പ്രധാനാദ്ധ്യാപകൻ

പ്രോജക്ട് നം.50152/15

അടങ്കൽ:96,000 രൂപ (തനത്ഫണ്ട്)

ചെലവ്-ചെക്ക് നം.920199/31.3.15, 12,000/-രൂപ

ചെക്ക് നം.551005/26.2.15, 54,000/- രൂപ

ആകെ, 66,000 രൂപ

ഈ പദ്ധതിപ്രകാരം പഞ്ചായത്ത് പരിധിയിലുള്ള നാല് സർക്കാർ എൽ.പി/യു.പിസ്കൂളുകളിൽ കലാ കായിക പരിശീലനം നടത്തിയതിന് 15/9/14 മുതൽ 28/2/15 വരെയുള്ള മാസങ്ങളിലെ ഹോണറേറിയമായി പ്രതിമാസം 6000 രൂപ നിരക്കിൽ 33000 രൂപവീതം സംഗീതാധ്യാപികയ്ക്കും കായികാധ്യാപകനും നൽകിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് (എം.എസ് )നം.362/2013/തസ്വഭവ/16.11.2013 അനുബന്ധം1,ഖണ്ഡിക6(iii) പ്രകാരം കുട്ടികളുടെ സർഗ്ഗാത്മകശേഷി വർദ്ധിപ്പിക്കുന്നതിനുംമറ്റുമുള്ള നിരവധി പരിപാടികൾഎസ്.എസ്.എ നടപ്പിലാക്കിവരുന്നുണ്ട്,അനുപൂരകമായി ഇത്തരം പരിപാടികൾ ഏറ്റെടുക്കാനുദ്ദേശിക്കുന്നുണ്ടെങ്കിൽ ആവർത്തനം ഒഴിവാക്കുന്നതിനായി അത്തരം പരിപാടികൾ എസ്എസ്എ പ്രൊജക്റ്റിൽഉൾപ്പെടുത്തി നടപ്പാക്കേണ്ടതാണെന്ന്

നിർദ്ദേശിച്ചിട്ടുണ്ട്.പദ്ധതി മാർഗ്ഗരേഖയിലെ ഈനിർദ്ദേശത്തിനു വിരുദ്ധമായും,സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെയുമാണ് മേൽ പ്രൊജക്റ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്.

ഇതിനു പുറമെ,2014-15വർഷത്തിൽ എസ്.എസ്.എ യുടെ 'LSG level plan & budget for 2014-15' പ്രകാരമുള്ള പഞ്ചായത്ത് വിഹിതമായ 11,05,842/- രൂപ വികസനഫണ്ടിൽ നിന്നും കൈമാറിയിട്ടുണ്ട്. മേൽ പറഞ്ഞ എസ്.എസ്.എ യുടെ പ്ളാനിലെ ഇനം 18 പ്രകാരം 'ആർട്ട്എജ്യൂക്കേഷൻ','വർക്ക് എക്സ്പീരിയൻസ്','ഫിസിക്കൽഎജ്യൂക്കേഷൻ' എന്നിവക്കായി 33,578/-രൂപ വീതം വകയിരുത്തിയിട്ടുള്ളത് (ആകെ 33,578*3 രൂപ), കൈമാറിയ 11,05,842/- രൂപയിൽ ഉൾപ്പെടുന്നുണ്ട്.(എസ്.എസ്.എപ്ലാനിൽ 33,578/-രൂപ വീതം ജില്ലാപഞ്ചായത്ത് വിഹിതവും ഉൾപ്പെടുത്തി കാണുന്നുണ്ട്.)

കലാകായികപരിശീലനത്തിനു വേണ്ടി പഞ്ചായത്തു നൽകിയ തുകകൾ അതേ ആവശ്യത്തിനു ഉപയോഗിച്ചിട്ടില്ലെന്നാണ് എസ്.എസ്.എ പഞ്ചായത്തിനു നൽകിയിട്ടുള്ള വിനിയോഗസാക്ഷ്യപത്രം സൂചിപ്പിക്കുന്നത്. മേൽ പറഞ്ഞവിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദമായ മറുപടി നൽകിയിട്ടുണ്ട്. മറുപടിയിൽ, ഈ പ്രൊജക്റ്റുകൊണ്ട് സർക്കാർ വിദ്യാലയങ്ങൾക്കും വിദ്യാർത്ഥികൾക്കും കലാകായികരംഗത്ത് നേട്ടം കൈവരിക്കാനായിട്ടുള്ളതായി വിശദീകരിക്കുന്നു.

ഭാവിയിൽ ഇത്തരം പ്രൊജക്റ്റുകൾ നടപ്പാക്കുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. അല്ലാത്ത പക്ഷം സർക്കാർ മാർഗ്ഗരേഖയ്ക്ക് അനുസരിച്ച് എസ് എസ് എ യുടെ കീഴിൽ ഇത്തരം പ്രൊജക്റ്റുകൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടതും എസ്.എസ്.എ.യ്ക്കു കൈമാറുന്ന തുകകൾ അതാത് ഇനങ്ങൾക്ക് നിയമാനുസരണം ചെലവഴിക്കപ്പെടുന്നുണ്ടോയെന്ന് പഞ്ചായത്ത് അധികാരികൾ മോണിട്ടറിംഗ് നടത്തേണ്ടതുമാണ്.

## 3-3 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ

1)വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നടപ്പാക്കിയ പ്രൊജക്റ്റ് നംS008/15, ഐ.എ.വൈ, (ടിഎസ്.പി)വിഹിതം എന്ന പ്രൊജക്റ്റ് പ്രകാരം,1,95,000/- രൂപ കൊടകര ബ്ലോക്ക്പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

(ട്രഷറി ബില്ല് നം 7/14-15,ഡിഡിനം.656589/20.8.14)

ബ്ലോക്ക്പഞ്ചായത്തിൽ നിന്നും തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ചെലവു തുക 1,95,000/- രൂപ തടസ്സപ്പെടുത്തുന്നു.

2)ഹോമിയോ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്റ്റ് നംS0047/15, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ എന്ന പ്രൊജക്റ്റിൽ താഴെ പറയും പ്രകാരം തുക ചെലവു ചെയ്തിട്ടുണ്ട്.

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങുന്നതിനായി, ട്രഷറി ബില്ല് നം.30/14-15, ഡിഡിനം.501640/ 31.12.14 (റീവാലിഡേറ്റഡ് 747129/14.5.15)പ്രകാരം, 1,40,000/-രൂപ കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക് കോ. ഓപ്പറേറ്റീവ് ഫാർമസിക്കും ട്രഷറി ബില്ല് നം.40/14-15, ഡിഡിനം.658705/16.12.14 പ്രകാരം,9,999/-രൂപ| മരുന്നു സൂക്ഷിക്കുന്നതിനുള്ള പ്ലാസ്റ്റിക്ക് ബോട്ടിൽ വാങ്ങുന്നതിനായി രാഹുൽ പ്ലാസ്റ്റിക്ക്, കല്ലേറ്റുംകര എന്ന സ്ഥാപനത്തിനും കൈമാറിയിട്ടുണ്ട്. മേൽ പറഞ്ഞവയുടെ ഇൻവോയ്സ്/ബില്ലുകൾ, സ്റ്റോക്ക് രജിസ്റ്ററുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ഓഡിറ്റ് തീയതിവരെ ലഭിച്ചിട്ടില്ലെന്നാണ് പഞ്ചായത്തിൽ നിന്നും ലഭിച്ചവിവരം. ചെലവു തുക 1,49,999/-തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ്അന്വേഷണം 29/24.8.15)

## 3-4 ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1) ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ക്യാഷ്ബുക്ക്, പ്രൊജക്ട് രജിസ്റ്റർ എന്നിവയിൽ കേന്ദ്രവിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം എന്നിവയുടെ ചെലവിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആയത് ഉൾപ്പെടുത്തേണ്ടതാണ്.

2)അംഗണവാടി പോഷകാഹാരം (ജനറൽ)

ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് പഞ്ചായത്തിൽ നിന്നും ചെക്ക് നം.920170/24.3.15 പ്രകാരം അനുവദിച്ച കേന്ദ്ര വിഹിതം 449460/- രൂപയിൽ 197710/- രൂപയ്ക്ക് ഫൈവ്സ്റ്റാർ അമൃതം ഫുഡ് സപ്ലിമെന്റ് എന്ന സ്ഥാപനത്തിൽ നിന്നും താഴെപറയുന്നവ വാങ്ങിയിട്ടുണ്ട്.

I)ഫൈവ്സ്റ്റാർ അമൃതം ഫുഡ് സപ്ലിമെന്റിന്റെ ബില്ല് നം.25/12.3.15 , 1635 kg അമൃതം പൊടി ,വില=93195/-

ii) " " " 53/9.3.15 , 960 kg കമാരി പ്ലസ്,

495 kg പോഷകപ്പൊടി,

275 kg മോണിംഗ്സ്നാക്സ്, വില=104515,

ആകെ=197710

മേൽ പറഞ്ഞവ സ്റ്റോക്കിലെടുത്ത് അംഗൻവാടികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കുന്നതുവരെ 197710/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3)വയോജന ക്ഷേമം, S0136/15

അടങ്കൽ-3,00,000/-

ചെലവ്-ട്രഷറി ബിൽനം.9/1.1.15 - 4,500/-

ട്രഷറി ബിൽനം.18/25.3.15- 2,95,500/-

ഈ പദ്ധതിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ചെലവിനം | തുക,ചെക്ക്നം/തിയതി | ഹാജരാക്കാത്ത<br>രേഖകളുടെ വിവരം |
|---|---|---|
| രാകമാർമെഡിക്കൽസ്,കോടാലിഎന്ന സ്ഥാപനത്തിൽ നിന്നും 'നീക്യാപ്പ്' വാങ്ങിയത്(920 എണ്ണം) | 55,200/-,<br>763769/തിയതിഇല്ല | ക്വട്ടേഷൻ,സ്റ്റോക്ക് രജിസ്റ്റർ,വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ |
| വയോജനങ്ങൾക്ക് ഐ.ഡി കാർഡ് സ്റ്റാർ ഡിജിറ്റൽസ്റ്റുഡിയോ നിർമ്മിച്ച നൽകിയത്(4938എണ്ണം) | 96,291/-,763700/28.3.15 | വയോജനങ്ങൾക്ക് ഐ.ഡി കാർഡ് വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ |
| 23വാർഡുകളിലേയും വയോജനക്ലബ്ബ് കൺവീനർമാർക്ക് 3000/-രൂപവീതം ഫണ്ട് നൽകിയത് | 69,000/-,<br>763978/20.4.15മുതൽ<br>764000/20.4.15വരെ 3000/-വീതം | ക്ലബ്ബ് രൂപീകരണത്തിന്റെ വിശദാംശങ്ങൾ,തുക അക്കൗണ്ടിലിട്ടതിന്റേയും ചെലവഴിച്ചതിന്റേയും വിവരം |
| ബ്രൈറ്റ് ബ്യൂട്ടീസിൽനിന്നും രജിസ്റ്ററുകൾ വാങ്ങിയത്(ബില്ല് നം.173/23.3.15) | 25,459/-,ചെക്ക്നം/തിയതി--ഇല്ല | സ്റ്റോക്കിലെടുത്തതിന്റെയും ഉപയോഗത്തിന്റെയും വിവരം |

പ്രൊജക്റ്റിൽ 'നീ ക്യാപ്പ് 'വാങ്ങാനുദ്ദേശിക്കുന്നതായി പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല, ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെയോ ആയത് വിതരണം നടത്തിയതിന്റെയോ രേഖകളില്ല. വയോജന ക്ലബ്ബ് രൂപീകരണം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.25,459/- രൂപയ്ക്ക് വാങ്ങിയ രജിസ്റ്ററുകൾ ആരെല്ലാം എന്താവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു എന്നു വ്യക്തമല്ല. മേൽ പറഞ്ഞ പ്രകാരം വയോജന ക്ഷേമത്തിനായി 3,00,000/- രൂപ ചെലവഴിച്ചിട്ടുള്ളത് വയോജനങ്ങൾക്ക് എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് കൃത്യമായ രേഖകളുടെ അഭാവത്തിൽ ഉറപ്പാക്കാനാകുന്നില്ല. ഓഡിറ്റ് അന്വേഷണം 9/19.8.15 ന് ലഭിച്ച മറുപടി തൃപ്തികരമല്ല. ചെലവു തുക 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

4)ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്(S0123/15)

അടങ്കൽ--വികസന ഫണ്ട്-4,00,000/-

ബ്ലോക്ക് ഫണ്ട്--2,00,000/-

ജില്ലാപഞ്ചായത്ത്ഫണ്ട്-2,00,000/-

ആകെ=8,00,000/-

a)ട്രഷറിബില്ല് നം11/30.1.15 പ്രകാരം പിൻവലിച്ച വികസനഫണ്ട് 4,00,000/- രൂപ വിതരണം ചെയ്തതിൽ, ഡിഡി വിതരണ രജിസ്റ്റർ പ്രകാരം 6500/-രൂപവീതം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകൾ മാത്രമാണുള്ളത് ( കൃഷ്ണദാസ് അമ്പാടൻ -അപേക്ഷയുമില്ല)

മറ്റ് അനുബന്ധരേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | ഡിഡി നം./3.2.15 |
|---|---|---|
| 1 | ജോമിൻജോസ് | 658762 |
| 2 | കൃഷ്ണദാസ്അമ്പാടൻ | 658773 |
| 3 | സിനിത്ത് ആന്റണി | 658764 |
| 4 | വിദ്യ വിഷ്ണു | 658776 |
| 5 | സുജിത് സുരേന്ദ്രൻ | 658777 |

ആകെ =6500 x 5 =32500/-

b)2,00,000/- രൂപവീതം ജില്ലാ ,ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ വിതരണം ചെയ്തതിൽ , ഡി ഡി വിതരണരജിസ്റ്ററിൽ ഒപ്പിട്ട് തുകകൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്നതിനായി യാതൊരു രേഖകളും ലഭ്യമാക്കിയിട്ടില്ല.

| പേര് | ഡിഡി നം./തിയതി | തുക |
|---|---|---|
| അർജുൻകൃഷ്ണ | 450057/13.2.15 | 7000 |
| അനന്തകൃഷ്ണൻ | 450073/12.3.15 | 8000 |
| ജോമിൻ.സി.ജെ | 450067/12.3.15 | 7000 |
| അജിത് പൂനിലാർകാവിൽ | 450068/,, ,, | 7000 |

| | | |
|---|---|---|
| രാജി | 450096/ " " | 6500 |
| ജ്യോതി | ഡിഡി നം രജിസ്റ്ററിൽ ചേർത്തിട്ടില്ല | 6500 |
| മായാദേവി | " " | 7000 |

ആകെ = 49,000/-

മുകളിൽ പറഞ്ഞവരുടെ അർഹത തെളിയിക്കുന്നരേഖകൾ പരിശോധനയ്ക്ക ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നതുവരെ 32,500 + 49,000 =81,500/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 വുമൺ ലേബർ ബാങ്ക്-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.S0077/15

നിർവ്വഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ

ബിൽ നം.MKB-J2/2014-15-71000 രൂപ.

ഡി.ഡി.നം.659639/05.03.2015

സ.ഉ(സാ.ധാ.)നം.276/14 ത.സ്വ.ഭ.വ./29.01.2014 ഉത്തരവ് പ്രകാരം അഡീഷനൽ ഡെവലപ്പ്മെന്റ് കമ്മീഷ്ണർ & സി.ഇ.ഓ, എം.കെ.എസ്.പി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്,ഒല്ലൂക്കര, തൃശ്ശൂർ - 690653. എന്ന പേരിൽ 71000 രൂപ വുമൺ ലേബർ ബാങ്ക് ആവശ്യത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു.

## 3-6 ഓട്ടോറിക്ഷ വാങ്ങി നൽകിയത്-വാഹനം വാങ്ങിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല,തുക തടസ്സപ്പെടുത്തുന്നു

എസ്.സി.പി പ്രോജക്ട് നം-S0130/15

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ്സെക്രട്ടറി

വാർഡ് നം.new/vii യിലുള്ള ശ്രീ.അനിൽ,മരത്തംപള്ളി, കോടാലി p.o.പാഡി,തൃശ്ശൂർ എന്നയാൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനായി ജില്ലാഓട്ടോറിക്ഷതൊഴിലാളി സഹകരണസംഘം(R-333), തൃക്കുമാരകടം ക്ഷേത്രം റോഡ്,അയ്യന്തോൾ എന്ന സ്ഥാപനത്തിന് 50,000 രൂപ (ഡി.ഡി.നം.658913/12.02.15) നല്കിയിട്ടുണ്ട്. എന്നാൽ ഫയലിൽ RC ബുക്കിന്റെ കോപ്പി,വാഹനവുമായി ബന്ധപ്പെട്ട മറ്റു രേഖകൾ എന്നിവ സൂക്ഷിച്ചിട്ടില്ല.24.8.15 ൽ ഓഡിറ്റ് എൻക്വയറി നം 32 നൽകിയെങ്കിലും മേൽപറഞ്ഞവ ഹാജരാക്കിയിട്ടില്ല.ആയതിനാൽ ഇതുമായി ബന്ധപ്പെട്ട ചെലവ് തുക 50000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 വനിതാ തൊഴിൽസേനക്ക് കാർഷികയന്ത്രം വാങ്ങൽ - അധികം തുക നല്കിയത് നിരാകരിക്കുന്നു.

പ്രോജക്ട്നം - S0 264/15

പ്രോജക്ട് - വനിതാ തൊഴിൽസേനക്ക് കാർഷികയന്ത്രം വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷിഓഫീസർ

ഡെലിവറി ചലാൻ പ്രകാരം നൽകേണ്ട തുക(റെയ്ഡ്കോ,ചാലക്കുടി,ചലാൻ നം 004704/26.3.15))

| | യൂണിറ്റൊന്നിന് തുക | അളവ് | ആകെ |
|---|---|---|---|
| ആസ്പി ബോളോ സ്പ്രേയർ- | 6600 | 2 | 13200 |
| ഹോണ്ട യു.ഇ.ഡി.റ്റി.ബ്രഷ്- | 24185 | 2 | 48370 |
| കട്ടർ | | | 61570 |

നൽകിയ തുക

| | | | |
|---|---|---|---|
| ആസ്പി ബോളോ സ്പ്രേയർ- | 6720 | 2 | 13440 |
| ഹോണ്ട യു.ഇ.ഡി.റ്റി.ബ്രഷ്- | 24625 | 2 | 49250 |
| കട്ടർ | | | 62690 |

ചെക്ക്നം.187995/31.03.15 പ്രകാരം ആകെ 62690/-രൂപ ബ്രാഞ്ച് മാനേജർ, റെയ്ഡ്കോ, ചാലക്കുടിക്ക് നല്കി. അധികം നല്കിയ തുക 1120 രൂപ (62690-61570=1120) റെയ്ഡ്കോയിൽനിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-8 ക്ഷീരകർഷകസംഘങ്ങൾക്ക് കാലിത്തീറ്റ നല്കിയത്-തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം - 248/15, ബിൽ നം. KOA-DRY-MTR-1/2014-15/തിയതി-3.3.15

നിർവഹണ ഉദ്യോഗസ്ഥൻ-ഡയറി ഫാം ഇൻസ്പക്ടർ

2014-15കാലയളവിൽ150000രൂപ ക്ഷീരകർഷകസംഘങ്ങൾക്ക് കാലിത്തീറ്റസബ്സിഡി നല്കിയിട്ടുണ്ട്.

ചെമ്പുച്ചിറ ക്ഷീരവികസനസൊസൈറ്റി (കെവിസിഎസ്)-11933/-

മൂന്നുമുറി കെറിസിഎസ് -68520/-

മുരിക്കുങ്ങൽ കെവിസിഎസ്- 44948/-

വെള്ളിക്കുളങ്ങര കെവിസിഎസ്-24599/-    എന്നിങ്ങനെയാണ് തുക വിതരണം ചെയ്തിരിക്കുന്നത്.

1 ലിറ്റർ പാലിന് 2 രൂപ എന്ന നിരക്കിലാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ പാലിന്റെ അളവും നല്കിയ സബ്സിഡി തുകയും തമ്മിൽ പൊരുത്തപ്പെടുത്തിയ കണക്കുകൾ ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.27/24.8.15 നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട 150000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 ഒരേ ജോലിക്ക് രണ്ടു തവണ തുക ചെലവഴിച്ചു

താഴെപ്പറയുന്ന ജോലികൾ ചെയ്തതിന് വെവ്വേറെ വ്യക്തികൾക്ക് തുക നൽകിയതായി കാണുന്നു

| ക്രമ നം. | നിർവ്വഹിച്ച ജോലി | വൗച്ചർ നം.<br>തുക, തിയ്യതി,വിശദാംശങ്ങൾ |
|---|---|---|
| 1 | വസ്തു നികുതി പരിഷ്കരണം, ഫോറം6 എഴുതി തയ്യാറാക്കൽ | വൗച്ചർ നം.443/14-15,<br>ചെക്ക് നം. 301616/04.09.14/8400രൂപ<br>വിവരശേഖരണം നോട്ട് ബുക്കിൽ എഴുതിയത്<br>ഫോറം6 ൽഎഴുതി പൂർത്തീകരിച്ചതിന് ചിഞ്ചു എന്ന വ്യക്തിക്ക് 8400 രൂപ നൽകി |
| | | വൗച്ചർ നം.1046/14-15,<br>ചെക്ക് നം. 551017/04.03.15/ 152574രൂപ.<br>വസ്തുനികുതിപരിഷ്കരണത്തിന്റെ ഭാഗമായി വിവരശേഖരണം,അസസ്മെന്റ് എന്നിവ തയ്യാറാക്കിയതിന് പഞ്ചായത്ത് ജീവനക്കാർക്ക് അനുവദിച്ച 152574 രൂപയിൽ ഫോറം6 എഴുതിത്തയ്യാറാക്കിയതിന് 17548 വീടുകൾക്ക് 8 രൂപനിരക്കിൽ നൽകിയ 140384 രൂപയും ഉൾപ്പെടുന്നു |
| 2 | പഞ്ചായത്ത്<br>വാഹനത്തിന്<br>നമ്പർപ്ലേറ്റ്, നെയിംബോർഡ് എഴുതിക്കൽ | വൗച്ചർ നം.201/14-15,<br>ചെക്ക് നം. 550641/24.06.14/ 45142 രൂപ.<br>45142 രൂപ മുടക്കി ജേക്കബ് മോട്ടോഴ്സ്, ചാലക്കുടി എന്ന സ്ഥാപനത്തിൽ വാഹനം അറ്റകുറ്റപ്പണി നടത്തിയതിൽ നമ്പർപ്ലേറ്റ്, നെയിംബോർഡ് എഴുതിക്കലും ഉൾപ്പെടുന്നു, ആകെ തുകയിൽ ഈയിനത്തിൽ നൽകിയ 700രൂപയും ഉൾപ്പെടുന്നു |
| | | വൗച്ചർ നം.210/14-15, |

| | | |
|---|---|---|
| | | ചെക്ക് നം. 550649/30.06.14/ 600രൂപ നമ്പർപ്ലേറ്റ്, നെയിംബോർഡ് എഴുതിക്കലിനായി എൻസൈൻ ആർട്സ്& ഡിസൈനിംഗ്,കോടാലി എന്ന സ്ഥാപനത്തിന് 600 രൂപ നൽകി |

ഈ വിഷയത്തിൽ 10/19.08.2015 നമ്പറായി നൽകിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് ക്രമനം.2ലെ 700/- രൂപ ജേക്കബ് മോട്ടോർ വർക്ക്സ് 11503104148/21.08.15 നമ്പറായി തിരിച്ചടച്ചിട്ടുണ്ട്.

ക്രമനമ്പർ 1ന് നൽകിയ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ 8400/- രൂപ തിരിച്ചുപിടിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 അംഗൻവാടിയുടെ സ്റ്റോക്ക് കുറവ് ,ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ

24/8/1512.20ന് ഏഴാം വാർഡിലെ 65 നംപർ അംഗൻവാടി സന്ദർശിച്ചു. ഐ സി ഡി എസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 2014 ഒക്ടോബർ മാസം ഈ അംഗൻവാടിക്ക് 25കി ഗ്രാം ഗോതമ്പ് നൽകിയിട്ടുണ്ടെങ്കിലും അംഗൻവാടി സ്റ്റോക്കിൽ ഇത് വന്നിട്ടില്ല. പത്ത് കി ഗ്രാം ശർക്കര നൽകിയിട്ടുണ്ടെങ്കിലും അഞ്ച് കി ഗ്രാം ആണ് വരവ് ഉള്ളത്. കുറവ് വന്നവയുടെ കമ്പോളവില ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. മറ്റു അംഗൺവാടികളിലും ഇത്തരത്തിൽ സ്റ്റോക്കിൽ കുറവ് ഉണ്ടാകാനിടയുണ്ട്. ആയതിനാൽ എല്ലാ അംഗൺവാടിയിലേയും സ്റ്റോക്ക് പരിശോധന അടിയന്തിരമായി നടത്തുകയും, സ്റ്റോക്ക് കുറവ് വരുന്ന പക്ഷം, ആയതിന്റെ കൂടി കമ്പോളവിലയും ഈടാക്കേണ്ടതാണ്. ഈ അംഗൻവാടിയിൽ ട്യൂബ് സെറ്റ് സ്ഥാപിക്കാത്തതിനാൽ വെളിച്ചക്കുറവുള്ള സമയത്ത് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.ഇത് എത്രയും വേഗം പരിഹരിക്കേണ്ടതാണ്.ഇത് സംബന്ധിച്ച് 24.8.15ന് നമ്പർ 36 ആയി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-11 ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം-അപാകതകൾ

i)വൗച്ചർ നം : 130/14-15,

ചെക്ക് നം : 550494/31-05-14, 5200രൂപ.

2014 ഏപ്രിൽ, മേയ് മാസങ്ങളിൽ ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം നടത്തുന്നതിന് ടെണ്ടർ പരസ്യം നൽകിയതിന് മേൽപ്രകാരം 5200 രൂപ ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ സ്വീകരിക്കുന്ന അവസാനസമയമായ 11-04-14, ഉച്ചക്ക് 1മണി. പരസ്യം നൽകിയത് തലേദിവസവും തെരെഞ്ഞെടുപ്പ് പ്രമാണിച്ച് അവധിയുമായ 10-04-14ന്. 12-03-14 ന് ഇക്കാര്യത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതും സ.ഉ.(സാധാ)നം.888/2014/ ത.സ്വ.ഭ.വ /21.03.14 പ്രകാരം സർക്കാർ കുടിവെള്ളവിതരണത്തിന് അനുമതി നൽകിയിട്ടുള്ളതുമാണ്. എന്നാൽ ടെണ്ടർ സമർപ്പിക്കുന്നതിന് വേണ്ട കുറഞ്ഞ കാലയളവായ 7 ദിവസമോ, ഒരു പ്രവർത്തിദിവസം പോലുമോ അനുവദിച്ചിട്ടില്ല. ആയതിനാൽ പരസ്യം നൽകുന്നതിന്റെ ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല. ടെണ്ടർ ക്ഷണിച്ചുകൊണ്ടാണ് പരസ്യം നൽകിയതെങ്കിലും ക്വട്ടേഷനാണ് സമർപ്പിക്കപ്പെട്ടത്, ആയത് സ്വീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

ii) കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല, കുടിവെള്ളവിതരണത്തിന്റെ ട്രിപ്ഷീറ്റിൽ വില്ലേജ് ഓഫീസർ ഒപ്പ് വെച്ചിട്ടില്ല.

വൗച്ചർ നം : V171/14-15,

ചെക്ക് നം : 000564/10-06-14, 127000രൂപ

വൗച്ചർ നം : 184/14-15,

ചെക്ക് നം : 550631/19-06-14, 373000രൂപ

കുടിവെള്ളവിതരണത്തിന്റെ കരാറുകാരനായ ശ്രീ.പി.എം.മണികണ്ഠന് മേൽപ്രകാരം നൽകിയ തുകയിൽനിന്നും 1961ലെ ഇൻകംടാക്സ് ആക്ട് 194(C) വകുപ്പ് പ്രകാരം ആദായനികുതി ഇടാക്കിയിട്ടില്ല. കുടിവെള്ളവിതരണത്തിന്റെ ട്രിപ്ഷീറ്റിൽ വില്ലേജ് ഓഫീസർ ഒപ്പ് വെച്ചിട്ടില്ല.

ഈ വിഷയത്തിൽ 16/20.08.15ന് നൽകിയ മറുപടി തൃപ്തികരമല്ല.പരസ്യത്തിനായി ചെലവാക്കിയ 5200രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.1% നിരക്കിൽ കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കേണ്ടതാണ്.എൻക്വയറിയിലെ മറ്റുപരാമർശങ്ങൾക്കും വിശദീകരണം നൽകേണ്ടതാണ്.

## 3-12 ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ലോഗ്ബുക്ക് സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് വാഹനമായ KL-45A/8645 നമ്പർ ബൊലേറോ ജീപ്പിന്റെ ലോഗ്ബുക്ക് പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

1. മൈലേജ് ടെസ്റ്റ് സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ ചേർത്തിട്ടില്ല.

2. ലോഗ്ബുക്കിൽ മാസാന്ത്യ സാക്ഷിപ്പം രേഖപ്പെടുത്തുന്നില്ല.

3. പ്രസിഡണ്ട്, സെക്രട്ടറിഎന്നിവർ ഒഴികെ മറ്റുള്ളവർ നടത്തുന്ന യാത്രകളിൽ വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥൻ ലോഗ്ബുക്കിൽ ബന്ധപ്പെട്ട കോളത്തിൽ ഒപ്പുവെയ്ക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി.നം.28/24.08.15)

## 3-13 പഴയ ഉപകരണങ്ങൾ ലേലം ചെയ്യേണ്ടതു സംബന്ധിച്ച്

വെള്ളിക്കുളങ്ങര ബസ്സ്റ്റാന്റിലെ മോട്ടോർ കത്തിപ്പോയതിനാലും,കൃഷിഭവനിലെ 2ഫേനുകൾ പ്രവർത്തനരഹിതമായതിനാലും അവയ്ക്ക് പകരം പുതിയവ താഴെപ്പറയും വിധം വാങ്ങിയിട്ടുണ്ട്.

| ക്രമനമ്പർ | വാങ്ങിയ ഇനം | വൗച്ചർ നമ്പർ, ചെക്ക് നമ്പർ , തിയതി | തുക |
|---|---|---|---|
| 1 | പമ്പ്സെറ്റ് | 470/14-15, 301629 ,19.09.14 | 3549 |
| 2 | ഫേനുകൾ | 649/14-15 ,301798 ,25.11.14 | 3750 |

പ്രവർത്തന രഹിതമായ ഉപകരണങ്ങളുടെ വിവരങ്ങൾ പ്രത്യേകം രജിസ്റ്ററിൽ ചേർത്ത്, ആയവ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 3-14 ശാന്തിനഗർ L I പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ

പ്രൊജക്റ്റ് നം : SO202/15

അടങ്കൽ : വി.ഫ. ( പൊ.വി) ₹65,000-

ജി. പ. വിഹിതം ₹2,60,000-

ഗുണ. വിഹിതം : ₹37,000-

ആകെ : ₹3,62,000-

ഭരണാനുമതി : DPC 900/13 ROI DPM തി. 12-8-13

സാങ്കേതികാനുമതി : 358/AEE LSGD KDA BP 12-13 തി.28-1-13

കരാർ നം : 87/AE LSGD MTR GP തി.5-3-13

ഗുണ. സമിതി ചെയർമാൻ : ശ്രീ. ഷൈജോ കറിച്ചിപ്പറമ്പിൽ ,

